STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.227/PR/SPMC/PHQ/2026 Date:10.06.2026

# സൈബർഡോം ''ഹാക്ക്പ്പ് 2026'': വെബ്സൈറ്റ് പ്രകാശനവും രജിസ്ട്രേഷൻ നടപടിക്രമങ്ങളുടെ ഉദ്ഘാടനവും നാളെ

കേരള പോലീസിന്റെ സൈബർ സുരക്ഷാ കോൺഫെറൻസ് Cocon 2026ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന മൾട്ടി സിറ്റി ഹാക്കത്തോൺ ''ഹാക്ക്പ്പ് 2026'' ന്റെ ഔദ്യോഗിക വെബ്സൈറ്റ് പ്രകാശനവും രജിസ്ട്രേഷൻ നടപടികളുടെ ഉദ്ഘാടനവും നാളെ (ജൂൺ 11) രാവിലെ 11 മണിക്ക് പോലീസ് ആസ്ഥാനത്ത് നടക്കും.

സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ HAC'KP 2026 വെബ്സൈറ്റ് പ്രകാശനവും രജിസ്ട്രേഷൻ നടപടികളുടെ ഔദ്യോഗിക ഉദ്ഘാടനവും നിർവഹിക്കും.

ചടങ്ങിൽ നവീകരിച്ച കേരള പോലീസ് സൈബർഡോം വെബ്സൈറ്റിന്റെ പ്രകാശനവും HAC'KP 2026 ന്റെ ട്രെയിലർ പ്രദർശനവും ഔദ്യോഗിക പ്രചാരണ ലഘുലേഖയുടെ പ്രകാശനവും നടക്കും. ഇതോടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പുതുമയാർന്ന ആശയങ്ങളെയും സാങ്കേതിക പ്രതിഭകളെയും കണ്ടെത്തുന്നതിനായുള്ള ദേശീയതല രജിസ്ട്രേഷൻ ക്യാമ്പയിന് ഔദ്യോഗിക തുടക്കമാകും. "Agentic AI for Investigations: From Evidence to Intelligence" എന്നതാണ് ഈ വർഷത്തെ HAC'KP 2026ന്റെ പ്രമേയം.

ഡി.ജി.പി.യും വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുമായ മനോജ് എബ്രഹാം, പോലീസ് ആസ്ഥാനത്തെ എഡിജിപിയും സൈബർ ഓപ്പറേഷൻസ് ഐ.ജി.പിയുടെ അധികചുമതലയും വഹിക്കുന്ന എസ്. ശ്രീജിത്ത്, സൈബർ ഓപ്പറേഷൻസ് എസ്.പി ഉമേഷ് ഗോയൽ, പോലീസ് ആസ്ഥാനത്തെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ, മൾട്ടി സിറ്റി ഹാക്കത്തോണിന്റെ ഭാഗമാകുന്ന രാജ്യാന്തര നിലവാരമുള്ള വിവിധ അക്കാദമിക് സ്ഥാപനങ്ങളുടെ മേധാവിമാർ, എന്നിവർ പങ്കെടുക്കും.

**************************